## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1311** **06/03/2020- ൽ മറുപടിയ്ക്ക്**

## കർഷകമിത്ര പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്**<br>**ശ്രീമതി പി. അയിഷാ പോറ്റി**<br>**ശ്രീ.മുരളി പെരുനെല്ലി**<br>**ശ്രീ.സജി ചെറിയാൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| (എ) കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് കാർഷിക ശൃംഖലയെ ശക്തിപ്പെടുത്തുന്നതിനായി കർഷകമിത്ര പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) കർഷകമിത്ര പദ്ധതി ഒരു പരീക്ഷണാടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ 2017-18- ൽ ആരംഭിക്കുകയുണ്ടായി. ജില്ലയിലെ ഓരോ പഞ്ചായത്തുകളിലും ഓരോ കർഷകമിത്രയെ വീതം നിയോഗിച്ചിട്ടുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകൻ സ്വന്തമായി വിപണന മാർഗ്ഗങ്ങൾ കണ്ടെത്തുമ്പോൾ വീട്ടുവളപ്പിലെ കൃഷിയിൽ നിന്നുള്ള മിച്ചോൽപ്പാദനത്തിന് വിപണി കണ്ടെത്തുന്നതിനാണ് കർഷകമിത്ര എന്ന നൂതനാശയം കൃഷി വകുപ്പ് നടപ്പിലാക്കുന്നത്. കർഷകമിത്രകൾ കാർഷികോത്പ്പാദനങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കാർഷിക വിപണന ശൃംഖല ശക്തിപ്പെടുത്തി വരുന്നുണ്ട്. |
| (ബി) കാർഷിക വിഭവങ്ങളുടെ ഉല്പാദന പ്രവർത്തനങ്ങളോടൊപ്പം അവയുടെ സംഭരണം, വിപണനം എന്നിവ നടത്തുന്നതിനും ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ ഗുണമേന്മയേറിയ നാടൻ | (ബി) കർഷകമിത്രകൾ പ്രതിമാസം ആവർത്തന സന്ദർശനം ഉൾപ്പെടെ പരമാവധി 100 കർഷകരെ കാണുകയും കൃഷിയിടങ്ങളിലെ ഉല്പ്പാദന പ്രവർത്തനങ്ങൾ നിരീക്ഷിച്ച് കൃഷിഭവനിൽ അറിയിക്കുകയും ചെയ്യുന്നുണ്ട്. വിളകളിലെ കീടരോഗ ലക്ഷണങ്ങളും കൃഷിഭവനിൽ റിപ്പോർട്ട് ചെയ്യുകയും യഥാസമയം കൃഷി ഓഫീസ് മുഖേന നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് കർഷകരെ സഹായിക്കുകയും ചെയ്ത് വരുന്നുണ്ട്. കൃത്യമായ |

| | | | |
|---|---|---|---|
| | കാർഷികോല്പന്നങ്ങൾ ലഭ്യമാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | | ഇടവേളകളിൽ കൃഷിയിടം സന്ദർശിക്കുന്നതിനാൽ ഉല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ ആസൂത്രണം ചെയ്യുന്നതിനും സാധിച്ച് വരുന്നുണ്ട്. വി.എഫ്.പി.സി.കെ പ്രതിദിനം പ്രസിദ്ധീകരിക്കുന്ന വിലയുടേയും, പ്രാദേശികമായ ആവശ്യവും അഭിരുചിയുടേയും അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി ഉല്പന്നങ്ങൾക്ക് പ്രതിദിന ന്യായവില നിശ്ചയിച്ച് നൽകിവരുന്നു. ഉല്പന്നങ്ങളുടെ വിലയുടെ 50% ഉല്പന്നം സംഭരിക്കുമ്പോൾത്തന്നെ നൽകി വരുന്നു, വിപണനത്തിന് ശേഷം ബാക്കിത്തുകയും നൽകുന്നു. ഉപഭോക്താക്കളുമായി കർഷകമിത്രകൾ നേരിട്ട് ഇടപെടുന്നതിനാൽ ഉപഭോക്താക്കളുടെ ആവശ്യമറിഞ്ഞ് ഉല്പന്നങ്ങൾ എത്തിക്കുന്നതിനും കർഷക മിത്രകൾ സഹായിച്ച് വരുന്നുണ്ട്. |
| (സി) | വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | കർഷകമിത്രകളുടെ ഫലപ്രദമായ ഇടപെടൽ കാരണം വീട്ടുവളപ്പിലെ കാർഷിക വിളകളുടെ പരിപാലനത്തിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിലും കർഷകർ ശ്രദ്ധ പുലർത്തി വരുന്നുണ്ട്. കൃഷിഭവനുകളിലൂടെയുള്ള നടീൽ വസ്തുക്കൾ, ഒരു മുറം പച്ചക്കറി, ജീവനി എന്ന പദ്ധതികൾ കർഷകർക്ക് പ്രയോജന പ്രദമായി ഉപയോഗപ്പെടുത്തി വരുന്നു. |

Sreelekha

**സെക്ഷൻ ഓഫീസർ**